# കേരള
# പ്രൈവററ്
# കോളേജ്
# ടീച്ചർ

ഡിസംബർ 1982

AKPCTA Journal

**Kerala Private College Teacher**

*Monthly Journal of all Kerala Private College teachers' association*

**No.** 42

**December** 1982

**EDITORIAL BOARD**

M. R. Chandrasekharan (Chairman)
N. M. Joseph
M. K. Chindankutty
Tholoor Sasidharan
K. K. Ramakrishnan
V. Narayanankutty
T. Gopalakrishnan
V. N. Murali (Chief Editor)

# ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുക

## സമരത്തിൻെറ ഒന്നാംഘട്ടം :

### പത്തുദിവസത്തെ അഖണ്ഡ റിലേ നിരാഹാര സത്യഗ്രഹം



സിററിമേയർ സെക്രട്ടറിയേററു പടിക്കൽ സത്യഗ്രഹം ഉദ്ഘാടനം ചെയ്യുന്നു

മുഖക്കുറിപ്പ്

# എന്തുണ്ട് മറെറാരുവഴി ?

കോളേജധ്യാപകരുടെ ആവശ്യങ്ങളൊക്കെ അടുത്ത പേക്കമ്മീഷൻ പരിശോധിക്കും എന്നാണ് ഗവൺമെൻറിൻെറ പല്ലവി. 1981 മാർച്ച് 1 ന് ഉണ്ടാക്കിയ കരാറിലെ ഉറപ്പുകൾ ഗവൺമെൻറ് പാലിക്കുന്നില്ല. ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി. എം. ജേക്കബ് ജൂണിൽ വാഗ്ദാനം ചെയ്ത കാര്യങ്ങളൊന്നും നടപ്പില്ല. നവംബറിൽ അധ്യാപക സംഘടനാ പ്രതിനിധികളെ വിളിച്ചുകൂട്ടി അദ്ദേഹം തഞ്ചത്തിൽ ചുമലൂരിക്കളഞ്ഞു. ആഗസ്റ്റിൽ കല്പനയാകുമെന്ന് താൻ ഉറപ്പിച്ചു പറഞ്ഞ കാര്യം മന്ത്രിസഭായോഗത്തിൻെറ പരിഗണനയ്ക്ക് കൊണ്ടുപോകാമെന്നാണല്ലോ അദ്ദേഹം ഇപ്പോൾ പറയുന്നത്. യൂണിവേഴ്സിററി നിയമ ഭേദഗതികളെപ്പററി മുഖ്യമന്ത്രിയുമായി അദ്ദേഹം സംസാരിക്കുകയും ചെയ്യും. (കൂടുതൽ കാര്യങ്ങൾ അന്യത്ര ചേർത്തിട്ടുള്ള നവംബർ 23 കോൺഫറൻസിൻെറ മിനുട്ട്സിൽ നിന്നറിയാം.) ഇതുകൊണ്ടൊക്കെ എന്തായി ? കോളേജദ്ധ്യാപകരുടെ യാതൊരാവശ്യവും അനുവദിക്കപ്പെട്ടില്ല. പേക്കമ്മീഷൻ എന്ന ഒററമൂലിയാണ് ഗവൺമെൻറിൻെറ കയ്യിൽ ഉള്ളത്. ഏതു ആവശ്യത്തെയും ഏതു പ്രക്ഷോഭണത്തെയും സമരത്തെയും തകർക്കാനുള്ള ബ്രഹ്മാസ്ത്രമായിട്ടാണ് പേക്കമ്മീഷൻ നിയമനം വന്നുകൂടിയിട്ടുള്ളത്. കോളേജദ്ധ്യാപകരുടെ പത്തുകൊല്ലത്തെ പരിശ്രമമാകെയാണ് പേക്കമ്മീഷൻ ഇമ്പാച്ചിയെ പേടിച്ചാൽ പാഴായിപ്പോകാനിരിക്കുന്നത്. പേക്കമ്മീഷൻ പല പല കാര്യങ്ങൾ പരിഗണിക്കുന്ന ഒരു ഏജൻസിയായിരിക്കം. പൊരുതി നാം അംഗീകരിപ്പിച്ച കാര്യങ്ങളും കമ്മീഷൻെറ പരിഗണനയ്ക്കു പോകണമെന്നു പറഞ്ഞാൽ, നാം എല്ലാം ഇനിയും ഹരിശ്രീയിൽ നിന്നാരംഭിക്കേണ്ടി വരുമെന്നാണർത്ഥം. ഇത്രത്തോളം ചെയ്തതെല്ലാം വ്യർത്ഥം. ഗവർണ്ണറുടെ പ്രസംഗം ഉൾപ്പെടെ ഗവൺമെൻറ് ഭാഗത്തുനിന്ന് ഇന്നോളം പറഞ്ഞതെല്ലാം വഞ്ചനയായിരുന്നു. കോളേജദ്ധ്യാപകർ ഏററവും ക്രൂരമായി പതിയ്ക്കപ്പെട്ടിരിക്കുന്നു.

പേക്കമ്മീഷന് കോളേജദ്ധ്യാപക കാര്യങ്ങൾ വിട്ടുകൊടുക്കുന്നത് നമുക്ക് സ്വീകാര്യമല്ല. ഇതു ബഹു. വിദ്യാഭ്യാസ മന്ത്രിയോടും ബഹു. മുഖ്യമന്ത്രിയോടും അധ്യാപക സംഘടനാ പ്രതിനിധികൾ തുറന്നുപറഞ്ഞിട്ടുള്ളതാണ്. വളരെ മുമ്പേ ഗവൺമെൻറ് അംഗീകരിച്ച കാര്യങ്ങൾ ഇനിയും വളരെക്കഴിഞ്ഞുവരാനിരിക്കുന്ന നാളിലെ കാര്യങ്ങൾ നിർണ്ണയിക്കുന്ന ഒരു കമ്മീഷനു വിടുക എന്നത് എത്രയും നിരർത്ഥകമായിട്ടുള്ളതാണ്. പ്രൈവററ് - ഗവൺമെൻറ് കോളേജധ്യാപക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും ഇതിൽ ഏകകണ്ഠമായ അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഏകകണ്ഠമായ അവരുടെ അഭിപ്രായം ഏകീകൃതമായ പ്രവർത്തനത്തിൻെറ മുന്നോടിയാണെന്ന് കരുതണമല്ലോ. കോളേജധ്യാപകർക്ക് മുമ്പേ നൽകിയിട്ടുള്ള ഉറപ്പ് ഒരു കമ്മീഷനും വിടാതെ ഉടൻ

പാലിക്കുകയാണ് ഗവൺമെൻറ് ചെയ്യേണ്ടത്. അതിന് ഗവൺമെൻറിനെ നിർബന്ധിക്കാൻ എല്ലാ കോളേജധ്യാപക സംഘടനകളും ഒന്നിച്ചു വരണം. ഒരേസ്വരത്തിൽ നമ്മുടെ ആവശ്യം ഉയർത്തുക. ഗവൺമെൻറ് നമ്മുടെ ആവശ്യം തിരസ്കരിക്കുകയാണെങ്കിൽ, ഒരൊററക്കയ്യായി, ഒരൊററ അണിയായി നിന്ന് ഗവൺമെൻറിനെ നമ്മുടെ ആവശ്യം അനുവദിച്ചേ പററൂ എന്ന് നിർബന്ധിക്കുക. അററകരണം വേണ്ടിവന്നാൽ, ഒന്നിച്ച് ഒരു പണിമുടക്കു സമരത്തിനുതന്നെ തയ്യാറാവുക.

കോളേജധ്യാപകർക്കിടയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകൾക്കും 1981 മാർച്ച് ഒന്നിൻെറ കരാർ ഗവൺമെൻറ് പാലിക്കണമെന്നതിൽ ഏകാഭിപ്രായമാണുള്ളത്. ഐക്യത്തിൻെറ ഒരാധാരശിലയായി അതിനെ കൈക്കൊള്ളാം. സമരത്തിലെ മുഖ്യാവശ്യവും അതുതന്നെയായിരിക്കണം. സമരത്തിൻെറ കാര്യത്തിലേ ഇനി ഐക്യമുണ്ടാകേണ്ടതുള്ളൂ. ഒന്നിച്ചു നിന്നു പണിമുടക്കുന്നതിൽ കുറഞ്ഞ ഒരു സമരം കൊണ്ട് ഗവൺമെൻറ്, കോളേജധ്യാപകരുടെ ആവശ്യങ്ങൾ നിഷേധിക്കുന്ന നയം മാററുമെന്ന് കരുതിക്കൂട. അതുകൊണ്ട് ഒന്നിച്ചുള്ള, സാഹസികമായ, ഒരു മഹാ സമരത്തിൽ ഒന്നിച്ച് അണിനിരക്കുന്നതിനെപ്പററി ഉടൻ കൂടിയാലോചനകൾ ആരംഭിക്കണമെന്ന അഭിപ്രായം എല്ലാ സംഘടനകളുടെയും പരിഗണനയ്ക്കായി ഞങ്ങൾ സമർപ്പിക്കുന്നു. എത്രയും വേഗം ഇതു സംബന്ധിച്ച് തീരുമാനമെടുക്കണം. ഗവൺമെൻറിൻെറ കമ്മീഷൻ വരുന്നതിനുമുമ്പേ നമ്മുടെ ആവശ്യങ്ങൾ അനുവദിക്കുവാൻ ഗവൺമെൻറ് നിർബന്ധിക്കപ്പെടണം. സത്വരമായ തീരുമാനം വേണ്ട ഒരു അവസരമാണിത്. സത്വരമായ കർമ്മ പരിപാടിയും അനുപേക്ഷണീയമാകുന്നു.

ഇതല്ലാതെ എന്തുണ്ട് നമുക്ക് ഒരു വഴി? കയ്യിൽ കിട്ടിയതും കളഞ്ഞ് കമ്മീഷൻ കനിഞ്ഞു തരുന്നതും കാത്തിരിക്കുകയോ! കമ്മീഷൻ തരുന്നത്, ഗവൺമെൻറിൽനിന്നു പിടിച്ചുവാങ്ങിയതിൻെറ മുകളിലായിരിക്കണം. നാം കൈക്കൊള്ളുക.

☼

## അറിയിപ്പുകൾ

### സംഘടനയിൽകൂടുതൽ അംഗങ്ങൾ

എ.കെ.പി.സി.ടി.എ. യിലെ അംഗസംഖ്യ 3591 ആയി ഉയർന്നിട്ടുണ്ട്. ഇനിയും പല കോളേജുകളിൽ നിന്നും മെമ്പർഷിപ്പ് ഫീസ് അയച്ചുതന്നിട്ടില്ല. അവർ ഡിസംബർ 31 നകം ട്രഷററുടെപേർക്ക് സംഖ്യ അയച്ചിരിക്കണം. ബ്രാഞ്ചു സെക്രട്ടറിമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

മേൽവിലാസം:

Prof. M. K. CHINDANKUTTY
SIRSYED COLLEGE
THALIPPARAMBU
CANNANORE

### പരസ്യം

കൺവെൻഷൻ സ്പെഷ്യലിലേക്കുള്ള പരസ്യം എത്രയും വേഗം ചീഫ്എഡിററുടെ പേർക്ക് അയയ്ക്കുക. ഓരോ ബ്രാഞ്ചും നിശ്ചിത കോട്ട പൂർത്തിയാക്കണം. ഉൽസാഹിച്ചാൽ കൂടുതൽ പരസ്യങ്ങൾ ശേഖരിയ്ക്കാം. ശ്രമിക്കുക.

മേൽവിലാസം:

VASANTHAM
KESAVADASAPURAM
TRIVANDRUM-4

# പണി മുടക്കിപ്പിക്കുന്ന സാഹചര്യം!

**വരുന്ന ഫെബ്രുവരിയിൽ വീണ്ടും പണിമുടാക്കാൻ കോളേജധ്യാപകർ തയ്യാറായിട്ടുളളതിൻെറ പശ്ചാത്തലമെന്തെന്ന് സംക്ഷിപ്തമായി താഴെ വിവരിക്കുന്നു.**

**കേരള** ഗവർമ്മെണ്ട് കോളേജധ്യാപകരോട് ഏററവും അനീതിയായിട്ടാണ് പെരുമാറുന്നത് എന്ന് പറയുമ്പോരം അത് ന്യൂനോക്തിയുടെ ഒരു മികച്ച ദൃഷ്ടാന്തംമാത്രമത്രേ! അധ്യാകരുടെ അനുഭവത്തെ വിവരിക്കാൻ ഇതൊന്നു

കേരളത്തിലെ കോളേജധ്യാപകർ 1981 ഫെബ്രുവരിയിൽ എന്തിനുവേണ്ടി പണിമുടക്കിയോ അതിനൊക്കെതന്നെ വേണ്ടിയാണ് അവർക്കിപ്പോഴം പണിമുടക്കിനെപ്പററി ആലോചിക്കേണ്ടിവന്നിട്ടുള്ളത്. ഗവൺമെൻറിൻെറ ഉറപ്പുകരം ഗവൺമെൻറ് പാലിക്കില്ലെന്നാണെങ്കിൽ,ഉറപ്പുകരംപാലിക്കാൻ ഗവൺമെൻറിനെ നിർബന്ധിക്കാതെ കഴിയുമോ?

ക്കിന് 60 ദിവസത്തെ ശമ്പളം പിഴ) പിൻവലിക്കാനംഗവർമ്മേണ്ട് പ്രതിജ്ഞാ ബദ്ധമായിരുന്നു. അതിന് 6 മാസ അവധിഇല്ലായിരുന്നുതാനും. മാർച്ച് 1നു തന്നെ ആ നിയമഭേദഗതിക്കൊററ വാക്യം ഓർഡിനൻസുമല്ല ഉപയോഗിക്കേണ്ട ശൈലി! കേരളത്തിലെ കോളേജധ്യാപകരെപ്പോലെ ഗവർമ്മേണ്ടിൻെറ അശ്മകഠിനമായ അവഗണനക്ക് പാത്രമായിട്ട് മറെറാരു തൊഴിൽ വിഭാഗമില്ല. ഗവർമ്മേണ്ട്, അധ്യാപകരുടെ ആവശ്യത്തെ അവഗണിക്കുന്നു. 10 കൊല്ലം കാറി വിളിച്ചപേക്ഷിച്ച് നിവർത്തിയില്ലാതെ 25 ദിവസം പണിമുടക്കിയിട്ടാണ് കേരളാഗവർമ്മേണ്ട്‌യു. ജി.സി. സ്കെയിൽ കാര്യത്തെപ്പററി ഒരു വാഗ്ദാനം അധ്യാപകർക്ക് നൽകിയത് ഒന്നുകിൽ യു. ജി. സി. സ്കെയിൽ; അല്ലെങ്കിൽ മററുരണ്ടുകൂട്ടം ആനുകൂല്യങ്ങരം എന്നായിരുന്നു ഗവർമ്മെണ്ടിൻെറ നിർദ്ദേശം. 6 മാസം കൊണ്ട് രണ്ടിലേതെന്ന് തീരുമാനമെടുക്കും. 1981 മാർച്ച് 1—ാം തീയതിയുണ്ടായ കരാറാണിത്.

ഗവർമ്മേണ്ട് ഒപ്പിട്ട കരാറിൽ യു. ജി. സി. സ്കെയിൽക്കാര്യം മാത്രമല്ല ഉണ്ടായിരുന്നത്. യൂണിവേഴ്സിററി നിയമത്തിലെ അധ്യാപകദ്രോഹപരമായ ആ കുപ്രസിദ്ധമായ കരിനിയമം (ഒരു ദിവസത്തെ പണിമുടകൊണ്ട് ഗവൺമെൻറുന് റദ്ദാക്കാവുന്നതേ ഉണ്ടായിരുന്നുള്ളു.

വർണിച്ചു പറഞ്ഞതെന്തിന്! 6 മാസം കഴിഞ്ഞിട്ടും ഒത്തുതീർപ്പുവ്യവസ്ഥകരം നടപ്പിൽ വന്നില്ല. ഇപ്പോരം ആ ഒത്തുതീർപ്പ് ഉണ്ടായിട്ട് രണ്ടുകൊല്ലമെത്താൻ ഏതാണ്ട് 2 മാസമേ ബാക്കിയുള്ളു.ഇപ്പോരം ഗവൺമെൻറ് പഴയെ കരാറൊക്കെ മറന്നമട്ടിലാണ് പെരുമാറുന്നത്.

1981 മാർച്ച് 1_ൻെറ കരാർ രഹസ്യമായ ഒന്നല്ല. നിയമസഭയിൽ ആവർത്തിച്ച് അതു സംബന്ധിച്ച് പ്രസ്താവനയുണ്ടയിട്ടുണ്ട്. അതിലെ വ്യവസ്ഥകരം നടപ്പാക്കാൻ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണെന്ന് വിദ്യാഭ്യാസമന്ത്രി നിയമ സഭയോട് വീണ്ടും വീണ്ടും എററുപറഞ്ഞു. ആ പ്രസ്താവനകരം ചെയ്ത വിദ്യാഭ്യാസമന്ത്രി മി. ബേബിജോൺഇപ്പോഴിരിക്കുന്നത് പ്രതിപക്ഷബഞ്ചിലാണ്. പക്ഷേ, അതുകൊണ്ട്, ഗവൺമെൻറിൻെറ ബാധ്യത ഇല്ലാതാവുന്നില്ലല്ലോ. നിയമസഭയിലെ പ്രസ്താവന പൊരുളില്ലാതെവരുകയുമില്ലല്ലോ.

## ഗവർണ്ണറുടെ പ്രസംഗം

നിയമസഭയിൽ പ്രസ്താവന ചെയ്ത കാര്യമാണെങ്കിൽ മന്ത്രിയുടെ പ്രസ്താവന യെക്കാൾ മൂല്യമധികമുള്ള രേഖ വേറെയുമുണ്ട്. നിയമസഭയിൽ ഗവർണ്ണർ ചെയ്ത പ്രസംഗത്തെയാണ് സൂചിപ്പിക്കപ്പെടുന്നത്. നായനാർ ഗവൺമെൻറിനു ശേഷം അധികാരത്തിൽ വന്ന ആദ്യത്തെ കരുണാകരൻ ഗവൺമെൻറിൻെറനയം നിയമസഭയിൽ ഗവർണ്ണർ പ്രഖ്യാപിച്ചപ്പോൾ ആപ്രസംഗത്തിൽ കോളേജധ്യാപകരുടെ രണ്ടു പ്രധാനാവശ്യങ്ങൾ ഉടൻ അനുവദിക്കുമെന്നതു സംബന്ധിച്ച് വ്യക്തമായി സൂചിപ്പിക്കപ്പെട്ടിരുന്നു.

നിയമസഭയിലെ ഗവർണ്ണറുടെ പ്രസംഗം ഗവൺമെൻറിൻെറ അംഗീകൃതമായ കാര്യങ്ങൾ സംബന്ധിച്ചുള്ളതാണ്. അത് വെറുമൊരു ഗവൺമെൻറിൻെറ വക്താവിൻെറ വചനാവലിയല്ല. നിയമസഭ അംഗീകരിച്ച നയപ്രഖ്യാപനം ജനാധിപത്യത്തിൽ അനുല്ലംഘ്യമായ ഒരു ആധാര രേഖയാണ്. കോളേജധ്യാപകർ കരുതി: തങ്ങളുടെ രണ്ടാവശ്യങ്ങളെങ്കിലും ഗവൺമെൻറ് അനുവദിച്ച് ഉടൻ കല്പനയാകുമെന്ന് അവർ സന്തോഷിക്കുകയും ചെയ്തു.

ആ ഗവൺമെൻറ് പക്ഷെ അല്പായുസായിപ്പോയി. എന്നാൽ, ആ ഗവൺമെൻറിൻെറ വള്ളി പുള്ളി വ്യത്യാസമില്ലാത്ത തുടർച്ചയായിട്ടണല്ലോ, വീണ്ടും തിരഞ്ഞെടുപ്പിനു ശേഷം, അധികാരമേററെടുത്തത്, രണ്ടാം കരുണാകരൻ ഗവൺമെൻറ്. കോളേജധ്യാപകരോടുള്ള നയത്തിൽ ഒന്നും രണ്ടും കരുണാകരൻ ഗവൺമെൻറുകൾ ഒരേ നയമാണ് കൈക്കൊള്ളുന്നതെന്ന് ചില സംഗതികളെക്കൊണ്ട് തോന്നിപ്പോയപ്പോൾ ആ വിശ്വാസ കൂടുതൽ ദൃഢമാവുകയും ചെയ്തു.

## സ്വകീയകർത്തവ്യാനുഷ്ഠാനം

രണ്ടാം കരുണാകര ഗവൺമെൻറിൻെറ വിദ്യാഭ്യാസമന്ത്രിയായ ശ്രീ ടി. എം. ജേക്കബ് കോളേജധ്യാപകരുടെ യോഗങ്ങളിൽ ചെയ്തപ്രസ്ഥാവനയാണ് അധ്യാപകരുടെ പ്രത്യാശയ്ക്ക് ഊന്നായിത്തീർന്നത്. പുതിയ ഗവർമെൻറ് അധികാരത്തിൽ വന്നിട്ടേറെയൊകാതെ, യഥാക്രമം, ജൂൺ 10 നും 14 നും വിളിച്ചുകൂട്ടിയ ഗവൺമെൻറ് കോളേജധ്യാപകരുടെയും പ്രൈവററ് കോളേജധ്യാപകരുടെയും സംഘടനാപ്രതിനിധികളുടെ യോഗങ്ങളിൽ ബഹു. വിദ്യാഭ്യാസമന്ത്രി കോളേജധ്യാപകർക്കു ഗവൺമെൻറ്നല്കിയ ഉറപ്പുകൾ പരിപാലിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. 1981 മാർച്ച് 1 ൻെറ കരാർ നടപ്പിലാക്കുക മാത്രമല്ല, കാലപ്പോക്കിൽ ഉള്ളവായിട്ടുള്ള പുതിയപ്രശ്നങ്ങൾക്ക് സത്വരമായ പരിഹാരാമുണ്ടാക്കുക കൂടിയാണ് ഗവൺമെൻറിൻെറനയം എന്ന്മന്ത്രി ഉറപ്പായ് പറഞ്ഞു. ഒരു സംശയത്തിനുംഇടയില്ലാത്തവിധം, അത്രമാത്രം ഒരു സ്വകീയകർത്തവ്യാനുഷ്ഠാനമായിട്ടാണ് മന്ത്രി ഈ വാഗ്ദാനങ്ങളൊക്കെ നല്കിയത്. സ്വാഭാവികമായും അധ്യാപകർ അതുവിശ്വസിച്ചു. പ്രധാനപ്പെട്ട കാര്യങ്ങളിൽ ആഗസ്ററിന്നപ്പുറം പോകാതെ കല്പനയുണ്ടാവുമെന്ന് ബഹു. മന്ത്രി തെളിച്ചുതന്നെ പറഞ്ഞു.

കോളേജധ്യാപകരിൽ എന്തെന്ത് ആശാവേശങ്ങൾ മന്ത്രിയുടെ പ്രസ്താവനകൾ ഉളവാക്കിയെന്നിവിടെ വിസ്തരിക്കുന്നില്ല. ആ നാളുകളിൽകോളേജധ്യാപകർകാര്യങ്ങളെല്ലാം കിട്ടിക്കഴിഞ്ഞു എന്ന സന്തോഷത്തിലും സംതൃപ്തിയിലും സ്വയമങ്ങനെ മതിമറന്നു കഴിയുകയായിരുന്നു. ഒന്നാം ഗ്രേഡ് നോൺ കാർഡർ പ്രൊഫസ്സർ സ്ഥാനത്തിന് എത്രകൊല്ലം ? ജൂനിയർ ലക്ചാർ തസ്തിക നിർത്താലാക്കുന്നതിൻെറ തീയതിയേത് ? രണ്ടു കല്പനകൾക്കും എത്രത്തോളം പൂർവ്വകാല പ്രാബല്യമുണ്ടാകും എന്നതായിരുന്നു എല്ലാവരുടെയും മുഖ്യ ചർച്ചാവിഷയം.

## നൂറടിപിന്നോട്ട്

ഇന്നതൊക്കെമാറിയില്ലേ ? ഗവൺമെൻറ് കല്പനകൾ പുറപ്പെടുവിക്കാത്തതല്ല അധ്യാപകരെ അധികം അന്ധാളിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ(നവംബർ) 23—ം തീയതി വിദ്യാഭ്യാസ മന്ത്രി അധ്യാപക പ്രതിനിധികളെ വീണ്ടും വിളിച്ചുകൂട്ടി ചെയ്ത പ്രസ്താവനകളാണ്

ഇടിവെട്ടിയവനെ പാമ്പു കടിച്ചെന്നു പറഞ്ഞ പോലെഅധ്യാപകരെ ആശാഭംഗത്തിന്റെ ആഴക്കുണ്ടിലേയ്ക്ക് എടുത്തെറിഞ്ഞത്. നവംബർ 23ാം തീയതി ബഹു. മന്ത്രി പറഞ്ഞത്, ഒന്നാം ഗ്രേഡ് നോൺ കാർഡർ പ്രൊഫസ്സർ പദവി സൃഷ്ടിക്കുകയും, ജൂനിയർ ലക്ചറർ തസ്തിക റദ്ദാക്കുകയും ചെയ്യുന്ന കാര്യങ്ങൾ മന്ത്രിസഭാ കൗൺസിൽ യോഗത്തിൽ വയ്ക്കുകയും, യൂണിവേഴ്സിറ്റി നിയമഭേദഗതികളെ സംബന്ധിച്ച് മുഖ്യമന്ത്രിയുമായി സംസാരിക്കുകയും ചെയ്യാമെന്നാണ്. ജൂൺ മാസത്തിൽ മന്ത്രിപറഞ്ഞതും, നവംബറിൽ പറയുന്നതും തമ്മിൽവലിയ അന്തരമുണ്ട്. തർജ്ജമയൊന്നും വേണ്ട ഗവൺമെന്റ് മിനിട്ട്സ് അതേപടി താഴെ ഉദ്ധരിക്കുന്നു. ജൂൺ 14– നിലെ കോൺഫറൻസിൽ പ്രൈവറ്റ് കോളേജധ്യാപക പ്രതിനിധികളോട് ബഹു. മന്ത്രിപറഞ്ഞതിപ്രകാരമാണ്.

"Minister (Education) in his concluding speech said that the possibility of implementing the scheme of U.G.C. scales of pay will be taken up again. This will not be however be linked with the question of introduction of non-cadre first grade professorship. He also said that the demand for deleting the provision in the University Act regarding forfeiture of salary for failure to do examination duties will be examined and steps taken in the matter as early as possible. Minister informed the teachers' representatives that the proposal for introduction of non-cadre I grade professorship is already under the consideration of Government and decision on it will be taken soon. The question of abolishing the Junior Lectuier posts will also be examined and decision taken without delay......."

1981 നവംബർ 23ാം തീയതിയിലെ യോഗത്തിന്റെ മിനിട്സിൽ നിന്ന് പ്രസക്തമായ ഭാഗം ഇനി ഉദ്ധരിക്കാം:

"Summing up the discussion Minister informed the Association representatives as follows:

1) The issues of abolition of Junior Lecturership and institution of non-cadre Ist Grade Professorship would be placed before the Council of Ministers at the earliest and that the Associations demand that these issues should not be left to be decided by the new Pay Commission would be brought to the notice of the council

2) The question of issue of an ordinance to amend section (57) and sections 80 A/79 A of Kerala/Calicut University Act would be discussed with Chief Minister.

ആഗസ്റ്റിൽ കല്പനയാകാനിരുന്ന കാര്യങ്ങൾ മന്ത്രിസഭാ യോഗത്തിന്റെ പരിനയ്ക്കു പോകും: ജൂണിൽ നോട്ടീസ് കൊടുത്തിരുന്നനിയമസഭയുടെ യോഗം പിരിഞ്ഞാലുടൻ ഓർഡിനൻസായി ഇറക്കുമെന്നു വാഗ്ദാനം ചെയ്യപ്പെട്ട നിയമ ഭേദഗതികൾ മുഖ്യ മന്ത്രിയുമായി ചർച്ചചെയ്യപ്പെടും എന്നേടത്തോളമാണ് നവംബർ 23 ന്റെയോഗത്തിൽ ബഹു. മന്ത്രിപറഞ്ഞകാര്യങ്ങൾ കൊണ്ട് കോളേജധ്യാപകർ ചെന്നെത്തുന്നത്; എന്തൊരുതിരിച്ചടി, അല്ലേ? ഒരടി മുന്നോട്ട്; രണ്ടടി പിന്നോട്ട്—എന്ന ശൈലി നൂറടി പിന്നോട്ട് എന്നു തിരുത്തേണ്ടടത്താണ് കോളേജധ്യാപകർ ചെന്നെത്തിനില്ക്കുന്നത്.

## എന്തുചെയ്യും? എന്തുചെയ്യണം?

ഈ സാഹചര്യത്തിൽ കോളേജധ്യാപകർ എന്തു ചെയ്യും? എന്തുചെയ്യണം? സമരമാർഗ്ഗം സുഖകരമായഒന്നല്ല. എന്നാൽ, മൗനവും അകർമ്മണ്യതയും കൊണ്ടെന്താവും? കോളേജധ്യാപകരുടെ എണ്ണമററ അവശതകളാണ് അവർക്ക് സംഘടനയും വർഗ്ഗബോധവും ഉണ്ടാക്കിയത്. കോളേജധ്യാപകർ പ്രായേണ സമരകുതുകികളല്ല. എന്നാൽ തങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ പോലും നിഷേധിക്കുമ്പോൾ, കോളേജധ്യാപകർക്കും സമരമാർഗ്ഗം അവലംബിക്കാതെവയ്യ. ഇന്നത്തെ അധ്യാപക പ്രശ്നങ്ങളാകട്ടെ എട്ടുപത്തുകൊല്ലത്തെ പഴക്കമുള്ളവയും അത്രയുംകാലമായി

അധ്യാപകർ ആവശ്യപ്പെട്ടും പ്രക്ഷോഭണം കൂട്ടിയും വരുന്നതും 1981 ൽ 25 ദിവസം നീണ്ട ഒരുപണിമുടക്കത്തിൻെറ അവസാനത്തിലുണ്ടായ ഒത്തുതീർപ്പു മുഖേന ഗവൺമെൻറ് നടപ്പിലാക്കാൻ പ്രതിജ്ഞാ ബദ്ധമായിട്ടുള്ളതും ആകുന്നു. അതൊക്കെ അനുവദിച്ചു തന്ന്--കൊക്കിലായി എന്നു തോന്നിയിട്ട് തട്ടിത്തെറിപ്പിക്കുന്ന സർക്കാരിൻെറ ദുർനയത്തിൻെറ മുമ്പിൽ കോളേജധ്യാപകർ കയ്യുംകെട്ടി ഒന്നും കണ്ടില്ലെന്നുനടിച്ചിരിക്കാവതോ?

1982–83 അക്കാദമിക് വർഷത്തിൻെറ ആരംഭത്തിൽ തന്നെ നാം ഈകാര്യങ്ങളിൽ ഗവൺമെൻറുമായി ബന്ധപ്പെട്ടുവരുന്നുണ്ട്. എല്ലാം ശുഭമായി വരും എന്നാണ് ഗവൺമെൻറ് നമുക്ക് നൽകിയ ധാരണ! ഇപ്പോഴിതാ 3–ാം ടേം തുടാങ്ങാൻപോകെ ഗവൺമെൻറ് താളം മാററുന്നു. പേകമ്മീഷൻ ഒരു മറമാത്രമാണ്. യഥാർത്ഥ സംഗതി, കോളേജധ്യാപകരെ എങ്ങനെയും തള്ളിവിടാം എന്നഗവൺമെൻറിൻെറ അഹമ്മതി തന്നെ. 10 കൊല്ലത്തെ കാത്തിരിപ്പും എണ്ണമററ പ്രക്ഷോഭങ്ങളും 25 ദിവസത്തെ നീണ്ട പണിമുടക്കും ഗവണ്മെൻറ് നല്കിയ ഉറപ്പുകളും മന്ത്രിമാരുടെ പഞ്ചാര വാക്കുകളും — എല്ലാററിൻെറയും അവസാനം എല്ലാആവശ്യങ്ങളും നിഷേധിക്കപ്പെടുന്നതിൽ എത്തിനില്ക്കുന്നു. മററനേകം പ്രധാനപെട്ട കാര്യങ്ങൾ പരിശോധിക്കാനിരിക്കുന്ന പേകമ്മീഷൻ കോളേജ് അധ്യാപകരുടെ ആവശ്യങ്ങളുണ്ടോ പരിഗണിക്കാൻപോകുന്നു! പേകമ്മീഷനു വിടുന്നു എന്നതിൻെറ സാരം ഇന്നോളം ചെയ്തതെല്ലാം പാഴിലായി എന്നു മാത്രമാണ്.

കോളേജധ്യാപക സമരസമിതി സമരമാർഗ്ഗത്തിൽ അചഞ്ചലമായി മുന്നോട്ടു പോകുകയാണ്. നവംമ്പർ 23 മുതൽ 10 ദിവസം നീണ്ടു നിന്ന നിരാഹാര സത്യഗ്രഹം കഴിഞ്ഞു. കേരളത്തിലെ എല്ലാ ജില്ലകളിലും നിന്നുമായി പത്തു ദിവസം പത്തുപേർ വീതം ആകെ 100 അധ്യാപകർ സെക്രട്ടേറിയററുപടിക്കൽ 24 മണിക്കൂർ നിരാഹാര ധർണ്ണയിൽ പങ്കു കൊണ്ടു.

ഡിസംബർ 17–ാം തീയതി കാലത്ത് 9 മണിക്ക് സംയുക്ത സമരസമിതി അംഗങ്ങൾ (11 പേർ) തിരുവനന്തപുരത്ത് 48 മണിക്കൂർ നീണ്ട നിരാഹിര സമരം നടത്തി. ജില്ലതോറും 18–ാം തീയതി കാലത്ത് 9 മണിമുതൽ 24 മണിക്കൂർ കൂട്ടനിരാഹാര സത്യഗ്രഹം നടന്നു.

പണിമുടക്ക് അന്തിമായുധമാണ്. ഒരു പണിമുടക്കു കൂടാതെ അധ്യാപകാവശ്യങ്ങൾ ഗവൺമെൻറിനെക്കൊണ്ട് അനുവദിപ്പിക്കാനാണ് നമ്മുടെ യത്നം. അതിനു പക്ഷേ നമ്മൾ മാത്രം പരിശ്രമിച്ചാൽ പോരല്ലോ. ഗവൺമെൻറും അതിനോട് സഹകരിക്കേണ്ടതുണ്ട്. ഫെബ്രുവരി മാസത്തിൽ ഒരനിശ്ചിത കാല പണിമുടക്കം കോളേജധ്യാപകർ ആരംഭിക്കുന്നുവെങ്കിൽ, അത് ഗവൺമെൻറ് അവരുടെമേൽ കെട്ടിവച്ചതായിരിക്കും. അളയിൽ കുത്തിയാൽ ചേരയും കടിക്കുമെന്നുണ്ടല്ലോ. 1981 ആദ്യം പണിമുടക്കിയ കോളേജധ്യാപകർ രണ്ടുകൊല്ലം തികയും മുമ്പ് വീണ്ടും പണിമുടക്കുന്നുവെന്ന് വരുന്നുവെങ്കിൽ, അത് അവരുടെ സമരോത്സാഹം കൊണ്ടു മാത്രം ഉണ്ടാകുന്നതല്ല–ഗവൺമെൻറ് അവരെ മററു മാർഗ്ഗമില്ലാത്ത ഒരു പതനത്തിലെത്തിച്ചതിൽെറ ഫലമായിരിക്കും അത്. കോളേജുകളും കോഴ്സുകളും ജനുവരിയിൽ ആരംഭിക്കുന്ന ഗവർമെണ്ട്, കോളേജധ്യാപകപണിമുടക്ക് ഫെബ്രുവരിയിൽ വിളിച്ചുവരുത്തുന്നതിൽ അസാധാരണമായിട്ടെന്തുണ്ട്? കൃത്യവിലോപമാണ് ഗവൺമെൻറിൻെറ കൊടിയടയാളം. ചെയ്യേണ്ടത് വേണ്ടപ്പോൾ ചെയ്യാത്തവർ ഉപരി വിദ്യാഭ്യാസ മണ്ഡലമാകെ കുത്തിക്കലക്കുകയാണ്. കോളേജധ്യാപകരേയും ഗവർമെൻറ് കുത്തിയിളക്കുന്നു – നിവൃത്തികേടുകൊണ്ട് സരമത്തിലേയ്ക്കെടുത്തു ചാടാൻ!

## വെറുമൊരു വാസ്തവ കഥനം

മററുപായങ്ങളൊന്നും ഫലിച്ചില്ലെന്നാണെങ്കിൽ, ഫെബ്രുവരി രണ്ടാം വാരത്തിൽ തുറന്ന സമരം ആരംഭിക്കേണ്ടിവരുമെന്ന് കോളേജധ്യാപക സംയുക്ത സമരസമിതി കരുതുന്നു. അങ്ങനെ വന്നാൽ, പണിമുടക്കുക തന്നെ ചെയ്യുന്നമെന്നു തീരുമാനിച്ചിട്ടുമുണ്ട്. തീയതി നിശ്ചയിക്കേണ്ടതായിട്ടാണിരിക്കുന്നത്. യഥാസമയം അതു സംബന്ധിച്ച് തീരുമാനമുണ്ടാകും. 1981 ൽ നീണ്ട ഒരു സമരം നാം നടത്തിയെന്നത് ശരിതന്നെ. ആ സമരത്തിൻെറ തീർപ്പുകൾ ഫലവത്തായിക്കിട്ടാനാണ് ഈ സമരം. ''ഉറപ്പുകൾ കിട്ടാൻ ഒരു സമരം—അതു നടപ്പിലാക്കാൻ മറെറാരു സമരം'' — എന്ന മുദ്രാവാക്യം അതിശയോക്തി കലർന്നതാണെന്ന് ആളുകൾ കരുതിയിട്ടില്ലേ ? എന്നാൽ, നമ്മുടെ അനുഭവം ആ മുദ്രാവാക്യം വെറുമൊരുവാസ്തവകഥനമാണെന്ന് തെളിയിക്കുന്നു വസ്തുതകളുടെ മുമ്പിൽ കണ്ണുപൂട്ടാതെ, അന്തിച്ചു നില്ക്കാതെ, മുന്നേറാൻ നാം പഠിക്കുക ! □

# ഗവൺമെൻറിന് വീണ്ടും നിവേദനം

## Action Council of College Teachers Associations

Chairman :
Prof. R. R. C. Nair,
N. S. S. College
Manjeri.

Conveners:
Prof. T. V. Balan,
Government College,
Madapally,
(General Secretary,
AKGCT).

Prof. N. M. Joseph
St. Thomas College,
Palai,
(General Secretary,
AKPCTA).

To
The Honourable Chief Minister,
Government of Kerala,
Government Secretariat,
T R I V A N D R U M.

Sub:- Agitation bv the College teachers under the auspices of the Action Council to get the 1981 Government decisions implemented – the 2nd stage 48 hours-long fast by the members of the Action Council to protest against the inordinate delay in implementing the decisions/assurances of the Govt. Regarding.

Sir,

The Government is aware, the members of the Action Council of College Teachers' Association – AKGCT and AKPCTA - are now on a 48 hours long fast before the Secretariat from 9.00 a. m. on 17-12-1982, the fast being the 2nd stage of the agitation Programme of the Action Council, to get the decisions and assurances of the Government on the teachers' demands, communicated to the Action Council in March 1981, implemented by the Government. We would pointed out, the 48 hours–long fast by the members of the and the 24 hours-long fast by the volunteers of the AKGCT and AKPCTA from 9.00 a. m. on 18-12-1982 before the Secretariat and all the District Collectorates in the State, are being staged in order to record the College teachers' very strong protest against the inordinate delay in implementing the 1981 decisions and the oft-repeated assurances of the prasent Government. (given by the Hon'ble Minister for Education) to the College Teachers in the State.

In this connection, it may please be noted that as the first stage of the agitation programme under the auspices of the Action Council, the volunteers of the Associations staged a 24 hours long fast before the Secretariat, in batches of 10 each, for 10 days from 23-11-1982. on 23-11-1982 the Hon'ble Minister for Education, held a discussion on the question of implementing the earlier decisions of the Government (taken on 1-3-1981) with the representatives of the Teachers' Associations. The Minister, who had assured the Teachers' Associations, on 10-6-82 and 14-6-82 that the earlier decisions would be honoured and implemented before the end of August 1982, appeared to have gone back considerably on his earlier oft repeated, clear, assurances, to the teachers. He only informed the teachers' representatives that the issues-mainly the aboliation of the post of Junior Lacturer and institution of the

post of Non Cadre Grade I Professor would be placed before the Council of Ministers for their consideration - as if those were new demands raised for the first time by the Associations and as if the Government had not yet considered them. Your kind attention is drawn to the fact that when you were leading the previous Ministry, the Governor, while making the Statement regarding the policy of the Government, stated categorically that the decisions of the previous Government on the teachers' demands would be honoured and that the question of implementing the assurances was engaging the attention of the Government. This, we feel, was nothing but a clear reiteration by the Govern- of the assurances of the previous Government to the teachers.

As desired by the Education Minister, the representatives of the Association met you on 24-11-82. The Education Minister was also present at the time we met you. It really pained us note that the Govt. was having an idea of leaving the tecahers long standing demands-which should have been conceded and decided before 1978, to the 1982 pay Commission. The teachers' representatives, present then, took strong exception to the rather strange and unhelpful stand of the Govt. The Govt. appeared to have totally ignored all the happenigs of thepast-the numerous representations made by the Teachers' Associations, the month-long statewide strike carried on by the College Teachers in February, 1981, the various discussions held by the Govt. before and during the indefinite strike with the representatives of the Associations, the letter received from the Special Secretary to Govermsnt, Higher Education dt. 1-3-81 which contained the decisions taken finally, after the discussions by the Govt. on the teachers demands such as the implementation of the U. G. C. scales of pay, the abolition of the post of junior Lecturer, institution of the post of Non-Cadre Grade I Professor Amendment of the University Acts, etc. The teachers' representatives, therefore, requested the Govt. not to leave the issues in question to the proposed pay Commission on any ground and informed that if the Govt. did not take favourable action for implementieg the decisions and assurances, the teachers would have no altrenative to internsifying theagitation already launched and have recourse to other forms of agitation, the consequences of which would be farreaching.

You would please note that it is now more than a month since the Educatiou Minister informed the teachers representatives that theissues would be placedbefore the Council of Ministers for a favourable decision "at the earliest". We are not aware whether the issues were at all considered by the Council of Ministare and decisions taken. It is really distressing that the College teachers who have been denied the benefit of the U. G C. scales of pay implemented in all other state : are driven to the necessity of having recourse to the agitational measures again to get the Govt. assurances they had get at the time of the withdrawal of the month-long strike in February, 1981, implemented.

We, therefore, take take the opportunity to inform the Govt. that if do not give up their present unhelpful attitude towards the teachers demands, the College teachers under the leadarship of the Action Council would be constrained to

Contd. Page 13

# Kerala University Syndicate's "Decision" on new Courses

**Prof. T. Gopalakrishnan**

I am one of the 7 members of the Syndicate of the University of Kerala who dissented from the "decision" of the Syndicate taken on 10-12-1982 on the basis of the votes of 8 members - 5 elected members and 3 Government representatives-out 17 members present, to reverse the earlier decision taken unanimously by the Syndicate on 25-11-1982 not to grant affiliation to new courses this year, and generally endorsed by the Senate on 27-11 1982. I consider it appropriate to give the facts of the issue in question to the teachers interested in the issue. Hence this note.

It was after considering all the aspects of the matter in great detail and also keeping the lessons learned by the Syndicate by the last year's experience in view, that the Syndicate on 25/11/1982 took the unanimous decision not to grant affiliation to Degree and P. G. Courses this year at the end of the II term of the year. Every member present at the Syndicate meeting on the day was fully convined that academic interests could not be met when new courses were started in January 1983 after completing the established formalities of the University in regard to the admission of students to various courses and that the students joining the new courses, then would be in a very disadvantageous and difficult position in comparison with those who had already joined the respective ocurses in September/ October 1982.

This year the Syndicate actually made sincers and serioue sttempts for facilitating the starting of the new courses atleast in September/October 1982, together with the existing courses in other Colleges. On 26-7-1982, after ascertaining the views of the Government informally, the Syndicate decided to give provisionol affiliation to 24 Degree Courses. And the University letter officially seeking the views of the Government-Governments' financial sanction was sent within 2 days i.e., on 28-7-1982. Had the Government formed their views and communicated the same to the University within one month atleast by the end of August 1982 (which it was easily possible for the Government) it would have been possible for the University to grant affiliation to the new Degree Course in August or 1st. week of September and the students joining the courses would have got reasonably sufficient time to learn the lessons as per the syllabus. But highly excessive delay was caused at the Government level-for what valid reason, no one knows-and the Government letter in which the Government agreed to the proposal of the University for starting the Degree courses was received in the University only on 11-10-1982. The Syndicate which met on 15-10-1982 could not take any decision on the question of granting affiliation as the Hon'ble High Court of Kerala on 14-10-1982 in its judgment in 2 O.Ps, held that all the

applications for the grant of University affiliation during 1982-1983, on which the University Syndicate could not take a decision before December 1981, had become infructuous. An ordinance was promulgated by the Governor to overcome the hurdles only on 17-11-1982 i e., about 5 weeks after the court had given its verdict and the necessary Notification under the provisions of the ordinace was issued by the Chancellor on 25-11-1981. By then, it was too late to start new Degree courses this year, and the Syndicate on 25-11-1982 decided not to grant affilication to new courses. The consideration that weighed with the Syndicate when it took the above decision which was considered sound in every respect, unanimously, was academic and only academic. It was quite clear only a period of less than 3 months would be available for conducting the courses this year. Also, the Syndicate was not sure whether there would be teachers to engage classes.

As regards the P. G courses the Syndicate on 17-8-1982 decided to ascertain the Government views in regard to the starting of the 29 courses. It was then decided that affiliation for the courses could be granted only after ascertaining the extent to which the various conditions stipulated in the Commission Reports were fulfilled by the Colleges, that too after the State Government had concurred with the proposal of the University. The decision to send Experts to assess the facilities available for the conduct of the P.G Courses before issuing the affiliation Order was taken because as per the preliminary Inspection Reports, the facilities available in most of the Colleges were thoroughly inadequate. What the University learnt by last year's experience was that the colleges would not provide additional facilities once they got sanction for the starting of the Colleges based on inadequate facilities. This year sanction for the continuance of the courses started during 1981-1982 was not given first to ½ a dozen Colleges. And that sparked off student agitations. The Syndicate, therefore, wanted to ensure that this should not happen again.

The letter seeking the views of the Government on the question of starting the P. G. courses was sent from the University on 24-8-1982. But the Government letter informing the University that they agree to the proposals of the University was received in the University only on 4-11-1982, i. e., after nearly 2½ months - at a time when the court judgement restraining the University from taking any action in regard to the affiliation of new Colleges or courses was in force. And the University, therefore could not proceed any further. When the hurdles were finally removed on 25-11–1982, it was again too late and therefore, the Syndicate on 25-11-1982 decided not to give affiliation to the new P. G. courses this year fully realising that it would be impossible to satisfy academic requirements if the new courses had been started and that the only loosers would be the students joining the courses in January 1983.

It is very important that when the issue of non-granting of affiliation came up for discussion in the Senate on 27-11-1982 the house almost fully endorsed the academically sound and justified position taken by the Syndicate in the matter and congratulated the Syndicate on taking an appropriate decision and urged the Syndicate not to revoke the decision, as the members thought the reversal of the

decision would be definitely detrmental to the interests of the students.

There were some important aspects which were totally disregarded by the members who voted in favour of the reversal of the decision, evidently under pressure from the erring managements and the Government. The fact was that certain colleges had started the course even before the receipt of a "Government Communication" sent by the Director of Collegiate Education, and the University Order had been safely ignored by them because of their "commitment". One College started the now course on 6-9-1982, i. e., even before the Government could take a decision on the new courses. The instruction of the D. C. E. that the course need be started only on receipt of the University Sanction was not given any heed by certain other college authorities. The Colleges which started the courses unauthorisedly, do not seem to have observed the University Rules relating to theadmission of students. There was no guarantee that there would be teachers to teach the students. The question whether the students would be able to take the Examination along with others was not considered. It is clearly to protect the interest of the erring Management, and not the interests of the students, that the Syndicate, totally disrigarding the views of the majority of the elected members, desided to give sanction for the starting of the new courses including those started in violation of the specific instruction of the D. C. E. The decision 'taken' is, therefore, quite irregular and academically unsound.

Also, the decision to reverse the earlier unanimous decision, taken on the basis of the votes of only 8 members including the Government officials out of 17 members present, cannot be considered as having the required backing of the Syndicate, i e., the majority votes of the members present at the meeting. Therefore, the decision is mraally unsound and void It cannot stand the test of a court of law. if its validity is challenged and hence cannot and should not be given effect to.

In a nutshel what has happened is, the 8 members of the Syndicate. who under pressure from the erring private Managements and the Government, voted for the reversal of an earlier sound decision and tried to make the University Synidicate which is the body competent to give affiliation to colleges and courses, the Rubber stamp of the erring Private Managements who started the coures even before the receipt of the University sanction for the starting of the Courses.

---

(Continued from page 10)

launch an indefinite strike from the 2nd week of Feb. 1983. And the Govt. alone would be responsible for all the unfortunate situations likely to arise cansequent on the indefinite strike. We therefore, u ge the Govt. to consider things in right earnet keeping in view the decision of the Govt. and assurances given to the teachers by the Hon'ble Education Minister and take early steps for avoing tne indefinite strike by the teachers at a time when every effort has to be made by the teachers for preparing the students for the University Examinations of April May 1983.

Hape, you would favour us with a reply,

Yours faithfully,

Trivandrum,
17-12-1982.

Prof. R. R. C. Nair,
Chairman.

# കോഴിക്കോട് സർവകലാശാലാ സെനററിൽ നടന്നതെന്ത്?

## സെനററിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികൾ വിശദീകരിക്കുന്നു;

സർവകലാശാലാ നിയമത്തിലെ 23–ാം വകുപ്പ് (സിൻഡിക്കേററിന്റെ അധികാരങ്ങൾ) (i) ഉപവകുപ്പ് അനുസരിച്ച് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായും; അഫിലിയേഷൻ വ്യവസ്ഥകൾ അനുസൃതമായും സ്ഥാപനങ്ങൾ (ഇതിൽ കോഴ്സുകളും പെടും) അഫിലിയേററു ചെയ്യുക എന്നതു സിൻഡിക്കേററിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. സർവകലാശാനിയമത്തിലെ 52–ാ. വകുപ്പ് യൂണിററി മാനേജ്മെൻറുകൾ ഗവേണിംഗ് ബോഡി രൂപികരിച്ചിരിക്കണമെന്നും, 53–ാം വകുപ്പ് കോർപ്പറേററു മാനേജ്മെൻറകൾ മാനേജിംഗ് കൗൺസിൽ രൂപീകരിക്കണമെന്നും അനുശാസിക്കുന്നുണ്ട്. നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി കോ

ണം എന്നതു തന്നെയായിരിക്കണം സിൻഡിക്കേററിന്റെ നിലപാട്. പക്ഷേ പ്രൈവററ് കോളേജ് മാനേജ്മെൻറുകൾ ഇത്തരത്തിലൊരു സ്ററേ നേടിയെടുക്കുന്നതിൽ പരാജയപ്പെട്ട സാഹചര്യത്തിൽ അവരെ സഹായിക്കുവാൻ വേണ്ടി കോഴിക്കോടു സർവകലാശാലാ സിൻഡിക്കേററിലെ മാനേജ്മെൻറ് ലോബി നിയമത്തിലെ 52, 53 വകുപ്പുകൾ നടപ്പാക്കുന്ന കാര്യത്തിൽ തൽക്കാലം മാനേജ്മെൻറുകളെ നിർബന്ധിക്കേണ്ടതില്ല എന്ന് പ്രമേയം കൊണ്ടുവരികയാണു ചെയ്തത്. പ്രസ്തുത പ്രമേയത്തിന്റെ ഉള്ളടക്കം നിയമത്തിലെ 23-ാം വകുപ്പിന്റെലംഘനമായതിനാൽ സിൻഡിക്കേററു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്ന വൈസ് ചാൻസലർ അതിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നുവേ

**ഗവേണിംഗ് ബോഡി / മാനേജിംഗ് കൗൺസിൽ രൂപീകരണം സംബന്ധമായ വ്യവസ്ഥ കേരളനിയമസഭ ഏകകണ്ഠമായി പാസാക്കിയെടുത്ത യൂണിവേഴ്സിററി ആക്ടിലെ സുപ്രധാനമായ ഒരു വ്യവസ്ഥയാണ്. കോളേജിന്റെ ഭരണസമിതിയിൽ അധ്യാപക-അനധ്യാപക-വിദ്യാർത്ഥി പ്രതിനിധികൾക്കു പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന ഈ വ്യവസ്ഥപാലിക്കണമെന്ന കാര്യത്തിൽ അധ്യാപകർ യാതൊരു വിട്ടുവീഴ്ചയ്ക്കും തയാറല്ല**

ഴ്സുകൾക്കും കോളേജുകൾക്കും അഫിലിയേഷൻ നൽകുമ്പോൾ നിയമത്തിലെ മേല്പറഞ്ഞ സുപ്രധാനമായ 52, 53 വകുപ്പുകൾ കൂടി പാലിച്ചിരിക്കണമെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ. അവ പാലിക്കേണ്ടതില്ല എന്ന് ഒരു കോടതി വിധിക്കുകയോ, അവ നടപ്പാക്കുന്നതു തൽക്കാലത്തേക്കെങ്കിലും സ്ററേ ചെയ്തുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാത്തിടത്തോളം, നിയമത്തിലെ പ്രസ്തുത വകുപ്പുകൾ പാലിക്കപ്പെട

ണ്ടിയിരുന്നത്. അദ്ദേഹം അത് ചെയ്തില്ലെന്നു മാത്രമല്ല, പിന്നീടു നടന്ന സെനററു യോഗത്തിൽ അധ്യാപക പ്രതിനിധികൾ ഈ പ്രശ്നമുന്നയിച്ചപ്പോൾ സാങ്കേതികതത്തിന്റെ പേരിൽ ചർച്ച അനുവദിക്കാതിരിക്കുകയും സെനററു യോഗം പിരിച്ചുവിടുകയുമാണുണ്ടായത്. (ഒക്ടോബർ 20 നു നടന്ന ഈ സംഭവത്തെക്കുറിച്ച് കഴിഞ്ഞ ജേർണലിൽ ഉണ്ടായിരുന്ന റിപ്പോർട്ട് ഓർക്കുമല്ലോ -എഡിററർ) സിൻഡിക്കേററ് നടത്തിയ ഗുരു


തരമായ ഒരു നിയമലംഘനത്തെക്കുറിച്ച് സെനററിലെ അധ്യാപക പ്രതിനിധികൾ പ്രകടിപ്പിച്ച തീവ്രമായ അഭിപ്രായ പ്രകടനങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ കാണുന്നതിനു പകരം വൈസ് ചാൻസ്‌ലർ തികച്ചും നിരുത്തരവാദപരമായ രീതിയിൽ സെനററുയോഗം പിരിച്ചുവിടുകയാണുണ്ടായത്. ഇതിനെക്കാൾ വലിയ പ്രക്ഷുബ്ധ രംഗങ്ങൾക്ക് സാക്ഷ്യം വഹിക്കാറുള്ള പാർലമെൻറ്, അസംബ്ളി തുടങ്ങിയ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ ബഹുമാനപ്പെട്ട വൈസ് ചാൻസിലർക്കു ഇക്കാര്യത്തിൽ ഒരു മാതൃകയാവേണ്ടതായിരുന്നു. അത്തരം രംഗങ്ങളുണ്ടാകുമ്പോൾ സഭാദ്ധ്യക്ഷൻ സാധാരണയായി തൻെറ ചേംബറിലേയ്ക്ക് പിൻവാങ്ങുകയും, അവിടെവച്ചു ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഒരു ധാരണയിൽ എത്തുകയും, അല്പസമയത്തിനകം സഭാനടപടികൾ തുടരുകയുമാണു ചെയ്യാറുള്ളത്. അത്തരമൊരുസമീപനത്തിനു മുതിരാതെ അദ്ധ്യക്ഷ വേദിയിൽ നിന്നും ക്ഷോഭിച്ചിറങ്ങി നേരേ തൻെറ വീട്ടിലേക്കുപോയ വൈസ്ചാൻസിലറുടെ നടപടിയെയാണ് അവിടെയുണ്ടായിരുന്ന സെനററു മെമ്പറൻമാർ യോഗം ചേർന്നു പ്രതിഷേധിച്ചത്. ഇതിൽ പരിഹാസ്യമായി യാതൊന്നുമില്ല. അധ്യാപകരെ പ്രതികൂലമായിബാധിക്കുന്ന ഒരു പ്രശ്നത്തിൽ സിൻഡിക്കേററു നടത്തിയ ഗുരുതരമായ നിയമലംഘനത്തിലേക്കു ശ്രദ്ധ ക്ഷണിക്കവേ സെനററിലെ അധ്യാപക പ്രതിനിധികൾ നടത്തിയെന്നു പറയപ്പെടുന്ന ചട്ടങ്ങളുടെ ലംഘനത്തെ പർവതീകരിച്ചു കാണുന്നത് ആർക്കും ഭൂഷണമല്ല മാത്രമല്ല, സർവകലാശാലാ സ്ററാററ്യൂട്ട്സിലെ 5-ാം അധ്യായത്തിൽ 38-ാം വകുപ്പിൻെറ IV ഉപവകുപ്പനുസരിച്ച് (തങ്ങളെടുത്ത ഒരു തീരുമാനമോ ശുപാർശയോ പുനപ്പരിശോധിച്ച് അടുത്ത സെനററു യോഗത്തിൽ റിപ്പോർട്ടു ചെയ്യുവാൻ സിൻഡിക്കേററിനോട് ആവശ്യപ്പെടുന്ന പ്രമേയം — ഇതിനു മുൻകൂട്ടിയുള്ള നോട്ടീസ് ആവശ്യമില്ല) അധ്യാപകരുടെ ആശ്യങ്ങൾ ചർച്ചയ്ക്കെടുക്കാൻ വൈസ് ചാൻസിലർ തയ്യാറായിരുന്നെങ്കിൽ പ്രശ്നത്തിനു രമ്യമായ ഒരു പരിഹാരം സാദ്ധ്യമാകുമായിരുന്നു.

മുമ്പൊരു സിൻഡിക്കേററു യോഗത്തിൽ പ്രൊഫ. ആർ.രാമചന്ദ്രൻ നായർ അവതരിപ്പിച്ച ഗവേണിംഗ് ബോഡി സംബന്ധമായ പ്രമേയത്തിനനുകൂലമായി വൈസ്ചാൻസിലർ കാസ്ററിംഗ് വോട്ടു നൽകി എന്നത് പിന്നീടുള്ള അദ്ദേഹത്തിൻെറ നടപടിയെ ഒരു വിധത്തിലും ന്യായീകരിക്കുന്നില്ല. യൂണിവേഴ്സിററി ആക്ററിലെ ഒരു വകുപ്പ് നടപ്പാക്കണോ എന്ന പ്രശ്നം വോട്ടിനു വരുമ്പോൾ (വോട്ടിനിടേണ്ട പ്രശ്നമല്ല അതെന്നത് മറെറാരു കാര്യം) നിയമം പാലിക്കാൻ ബാദ്ധ്യതയും നീനീതിബോധവുമുള്ള ഒരു വൈസ് ചാൻസിലർക്ക് മറിച്ചൊരു നിലപാടെടുക്കുക സാദ്ധ്യമല്ല.

ഗവേണിംഗ് ബോഡി/ മാനേജിംഗ് കൗൺസിൽ രൂപീകരണം സംബന്ധമായ വ്യവസ്ഥ കേരളനിയമസഭ ഏകകണ്ഠമായി പാസ്സാക്കിയെടുത്ത യൂണിവേഴ്സിററി ആക്ടിലെ സുപ്രധാനമായ ഒരു വ്യവസ്ഥയാണ്. കോളേജിൻെറ ഭരണസമിതിയിൽ അദ്ധ്യാപക — അനദ്ധ്യാപക—വിദ്യാർത്ഥി പ്രതിനിധികൾക്കു പ്രാതിനിദ്ധ്യം ഉറപ്പുവരുത്തുന്ന ഈ വ്യവസ്ഥ പാലിക്കണമെന്ന കാര്യത്തിൽ അദ്ധ്യാപകർ യാതൊരു വിട്ടുവീഴ്ചക്കും തയാറല്ല. അദ്ധ്യപകരുടെകുടി വോട്ടുകൾ നേടി സിൻഡിക്കേററിലെത്തിയ ചില അംഗങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന പിന്തിരിപ്പൻ സമീപനവും, അതിന് വെള്ളപൂശിക്കാണിക്കാൻ അധ്യാപക പ്രാതിനിദ്ധ്യമുണ്ടെന്നവകാശപ്പെടുന്ന മററു ചിലർ നടത്തുന്ന ശ്രമവുമാണ് വാസ്തവത്തിൽ പരിഹാസ്യമായിട്ടുള്ളത്. കേരള യൂണിവേഴ്സിററിയെ മാപ്പുസാക്ഷിയാക്കിക്കൊണ്ട് പ്രൈവററ് മാനേജ്മെൻറുകളെ യഥേഷ്ടം വിഹരിക്കാൻ വിടുന്ന കോഴിക്കോട് സർവകലാശാലാ സിൻഡിക്കേററും വൈസ്ചാൻസിലറും ഈ അപഥസഞ്ചാരത്തിൽ നിന്നും പിന്തിരിയണമെന്ന് ഞങ്ങളാവശ്യപ്പെടുന്നു.

1. പ്രൊഫ. വി. കെ. രവീന്ദ്രനാഥ്
2. പ്രൊഫ. കെ സുകുമാരൻ നായർ
3. ഡോക്ടർ. പി. എസ്. പണിക്കർ
4. ശ്രീ. പി. ഗോപാലകൃഷ്ണൻ നായർ

# എൻഡോവ്മെൻറ് ഉദ്ഘാടനം



ധനുവച്ചപുരം വി. ററി. എം. എൻ. എസ്സ്. എസ്സ്. കോളേജിൽ നിന്നുംകഴിഞ്ഞ വർഷം വിരമിച്ച ഫിസിക്സ് പ്രൊഫസർ കെ. നാരായണക്കുറുപ്പിൻെറ നാമധേയത്തിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെൻറ് കുമാരി ആഞ്ചലിൻ മേബിളിന് നല്കിക്കൊണ്ട് പ്രൊഫസർ. ആർ. ആർ. സി. നായർ ഉദ്ഘാടനം ചെയ്തു. ശ്രീ. നാരായണൻ നായർ പ്രൊഫ. നാരായണക്കുറുപ്പിൻെറ ഫോട്ടോ അനാഛാദനം ചെയ്തു. എ. കെ. പി. സി. ററി. എ. യുടെ.മുൻകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു പ്രൊഫ. നാരായണക്കുറുപ്പ്.

പ്രിൻസിപ്പൽ പ്രൊഫ. ഗോപാലകൃഷ്ണൻ നായരുടെ അധ്യക്ഷതയിൽ കോളേജിൽ കൂടിയ യോഗത്തിൽ പ്രൊഫ. പി.എം. ജോർജ്ജ് പ്രൊഫ. ബാലകൃഷ്ണപ്പണിക്കർ, ശ്രീ. നാരായണൻ നായർ, ശ്രീ. സന്തോഷ്കുമാർ (കോളേജ് യൂണിയൻചെയർമാൻ,) ശ്രീ. അമരവിള തങ്കപ്പൻ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു പ്രൊഫസർ. എൻ.ജി. കൃഷ്ണപിള്ള സ്വാഗതവും പ്രൊഫസർ. എം. ദിവാകരൻ നായർ കൃതജ്ഞതയും പറഞ്ഞു.

# പ്രൊഫ. ലാൻസ്ലററ് തോമസ് പ്രശ്നം

കോഴിക്കോട് മലബാർ കൃസ്ത്യൻ കോളേജിൽ നിന്നും അന്യായമായി പിരിച്ചുവിടപ്പെട്ട പ്രൊഫ. ലാൻസ്ലററ് തോമസിനെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് എ.കെ. പി. സി. ടി. എ. നടത്തിവന്ന സമരപരിപാടികൾ താല്ക്കാലികമായി നിർത്തിവച്ചു. കോഴിക്കോട് മേയർ, പ്രശ്നം മാന്യമായി പരിഹരിക്കുന്നതിനായി മധ്യസ്ഥശ്രമങ്ങൾ നടത്തിവരുന്നതുകൊണ്ടാണ് താല്ക്കാലികമായി സമരപരിപാടികൾ നിർത്തിവച്ചത്.

## മുണ്ടശ്ശേരി സ്മാരകഫണ്ട്

പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ സ്മാരക നിർമ്മാണത്തിന് എ. കെ. പി. സി. ടി. എ. നല്കുന്ന തുക ബ്രാഞ്ചുകളിൽ ശേഖരിച്ചിരിക്കുമല്ലോ. സംഘടനയുടെ വൈസ് പ്രസിഡൻറ് പ്രൊഫ. തോളൂർ ശശിധരൻെറ(എസ്. എൻ. കോളേജ്, നാട്ടിക) പേർക്ക് പണം അയയ്ക്കുക. താമസിക്കരുത്.

# അധ്യാപക സമരത്തിന് എല്ലാവിധ പിൻതുണയും നല്കും

## സമര സഹായ സമിതി

1981–ൽ കോളേജധ്യാപകർ യു. ജി. സി. സ്കെയിൽ നടപ്പാക്കുക, കരിനിയമങ്ങൾ എടുത്തുകളയുക തുടങ്ങിയ വിവിധ ഡിമാൻറുകൾ വച്ചുകൊണ്ട് ഏതാണ്ട് ഒരുമാസക്കാലം നീണ്ടുനിന്ന ഒരു പരിപൂർണ്ണ പണിമുടക്കു നടത്തുകയും ഈ ഡിമാൻറുകളിൻമേൽ ഗവൺമെൻറ് തീരുമാനങ്ങൾ എടുത്ത് അവ സമരം ഒത്തു തീർപ്പിലെത്തിക്കാനുള്ള ഒരുറപ്പായി രേഖാമൂലം സമരസമിതിയ്ക്ക് നൽകുകയും ഉണ്ടായി. അന്നു നൽകിയ ഉറപ്പുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ ഒരു നിലപാട് ഗവൺമെൻറ് എടുത്തതുകൊണ്ടാണ് കോളേജധ്യാപകർ വീണ്ടും ഇപ്പോൾ സമരരംഗത്ത് എത്തിയിരിക്കുന്നത്. പുതിയ ഒരു ഡിമാൻറും കോളേജധ്യാപകർ മുന്നോട്ടു വച്ചിട്ടില്ല. ഗവൺമെൻറ് നേരത്തേ നൽകിയ ഉറപ്പുകൾ നടപ്പിലാക്കുക എന്നതുമാത്രമാണ് ഇപ്പോൾ ആവശ്യപ്പെടുന്നത്. കോളേജധ്യാപകർ ആരംഭിച്ചിരിക്കുന്ന സമരത്തിൻെറ രണ്ടാം ഘട്ടമെന്ന നിലയ്ക്ക് സെക്രട്ടറിയേററിനു മുമ്പിൽ 48 മണിക്കൂർ നീണ്ടുനിന്ന നിരാഹാരസത്യഗ്രഹം സമരസമിതി നേതാക്കൾ നടത്തി. ജില്ലാകേന്ദ്രങ്ങളിൽ കോളേജധ്യാപകർ 24 മണിക്കൂർ നീണ്ടുനിന്ന നിരാഹാര സത്യഗ്രഹവും നടത്തിക്കഴിഞ്ഞു. ഇതൊക്കെയായിട്ടും വാക്കുപാലിക്കാൻ സർക്കാർ മുന്നോട്ടു വരുന്നില്ല എന്നുള്ളത് തികച്ചും അപലപനീയമാണ്. അധ്യാപകരുടെ ന്യായവും മിതവുമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് അവർക്കുള്ള ഒരേയൊരു പോംവഴി ഉന്നതവിദ്യാഭ്യാസ രംഗത്തെയാകെ സ്തംഭിപ്പിച്ചേക്കാവുന്ന ഒരു അനിശ്ചിതകാല പണിമുടക്കുമാത്രമാണ്. വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും സംബന്ധിച്ചിടത്തോളം ഫെബ്രുവരി മാസത്തിൽ പണിമുടക്ക് എന്നുള്ളത് വളരെയധികം ക്ലേശങ്ങളും നഷ്ടങ്ങളും ഉണ്ടാക്കും. അധ്യാപകർക്ക് കിട്ടിയ ഉറപ്പുകൾ നടപ്പിലാക്കികിട്ടാൻ മററെന്താണൊരു വഴി ? അങ്ങിനെയൊരു അപകടകരമായ സ്ഥിതിവിശേഷം ഒഴിവാക്കാനുള്ള ദീർഘവീക്ഷണം സർക്കാ


**ജേർണൽ വില**

ഒററപ്രതി 1 രൂപ

വാർഷികവരിസംഖ്യ 10 രൂപ

Address :
Vasantham
Kesavadasapuram
Trivandrum - 4

രിൽനുണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിയ്ക്കുന്നു. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ, കോളേജധ്യാപക സമരത്തിന് ഇവിടുത്തെ സംഘടിത തൊഴിലാളി വർഗ്ഗത്തിൻേറയും ബഹുജന പ്രസ്ഥാനങ്ങടുടേയും കലവറയില്ലാത്ത പിൻ തുണയുണ്ടായിരിക്കുമെന്ന് ഞങ്ങൾ സർക്കാരിനെ ഓർമ്മിപ്പിക്കുന്നു. സമരമുണ്ടാവുകയാണെങ്കിൽ അതുമൂലമുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും ഉത്തരവാദി സർക്കാർമാത്രമായിരിയ്ക്കുമെന്നും അറിയിച്ചുകൊള്ളട്ടെ.

എന്ന്,

സമരസഹായ സമിതിക്കു വേണ്ടി,

1. ആർ. രാഘവൻ പിള്ള (ചെയർമാൻ)
2. വി. വേണുഗോപാലൻ നായർ (ജനറൽ സെക്രട്ടറി F.S.E.T.O.)
3. അനന്തകൃഷ്ണൻ (ജനറൽസെക്രട്ടറി, ജോയിൻറ് കൗൺസിൽ)
4. പി. ബാലകൃഷ്ണൻ (ജനറൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ: എംപ്ളോയീസ്)
5. പോൾ കാക്കശ്ശേരി (സെക്രട്ടറി, ആൾ കേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ)
6. കെ. വി. ദേവദാസ് (ജനറൽ സെക്രട്ടറി, കെ.ജി.ടി.എ.)

---

## A. K. P. C. T. A.

### കൺവൻഷൻ

കൺവൻഷന് എല്ലാ അംഗങ്ങളും പ്രതിനിധികളായി പേര് രജിസ്ററർ ചെയ്യണം. രജിസ്ട്രഷൻ ഫീസ് പിരിച്ചയയ്ക്കാൻ ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിയ്ക്കുക.

### പ്രകടനം

ഫെബ്രുവരി 6 ന് കൊല്ലത്തുനടക്കുന്ന പ്രകടനം പ്രൈവററ് കോളേജ് അധ്യാപകരുടെ സംഘടിത ശക്തി വിളിച്ചറിയിയ്ക്കുന്നതായിരിക്കണം. പ്രകടനം വിജയിപ്പിക്കാനുള്ള തയ്യാറെടുപ്പ് ഇപ്പോഴേ നടത്തുക.

### ജേർണൽ

'കൺവെൻഷൻ' സ്പെഷ്യൽ പ്രവർത്തനക്കൾ നടക്കുന്നതുകൊണ്ട് ജേർണലിൻെറ ജനുവരി – ഫെബ്രുവരി ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല.

---

## സമര പരിപാടികളുമായി മുന്നോട്ടു പോകും

### പി. സി. ടി. എ. യുടെ നിലപാട്

''ന്യായമായ ചെറിയ ഒരു കാലയളവിനുള്ളിൽ വാഗ്ദാനങ്ങൾ നടപ്പാക്കാൻ സർക്കാർ തയ്യാറാവുന്നില്ലെങ്കിൽ തീവ്രമായ സമരപരിപാടികളുമായി പി.സി.ടി. എ. മുന്നോട്ടു പോവുകതന്നെ ചെയ്യു''മെന്ന് ആ സംഘടയുടെ ജനറൽ സെക്രട്ടറി യൂണിററുകളെ അറിയിച്ചിരിക്കുന്നു. (സർക്കുലർ 4/81–83)

# സെക്രട്ടറിയേററുപടിക്കൽ സമരസമിതി അംഗങ്ങളുടെ നിരാഹാര സത്യഗ്രഹം

ഒത്തുതീർപ്പു വ്യവസ്ഥകൾ എത്രയും വേഗം സർക്കാർ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിന്റെ രണ്ടാംഘട്ടമായി സമരസമിതി നേതാക്കൾ 48 മണിക്കൂർ സമയം സെക്രട്ടറിയേററുപടിക്കൽ ഉപവാസസത്യഗ്രഹം നടത്തി. പാളയം രക്തസാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയശേഷം ജാഥയായി വന്നെത്തിയാണ് സത്യഗ്രഹം ആരംഭിച്ചത്. സമരസഹായ സമിതി ചെയർമാനും, എൽ.ഐ.സി. എംപ്ളോയീസ് യൂണിയൻ നേതാവുമായ ശ്രീ. രാഘവൻപിള്ള സത്യഗ്രഹം ഉദ്ഘാടനം ചെയ്തു. ഡിസംബർ 17ന് രാവിലെ ഒമ്പതുമണിക്ക് ആരംഭിച്ച സമരം 19നു-വരെത്തുടർന്നു.

വീണ്ടുമൊരു പണിമുടക്കിലേയ്ക്ക് കോളേജധ്യാപകരെ തള്ളിവിടാതെ എത്രയും പെട്ടെന്നുതന്നെ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ശ്രീ രാഘവൻപിള്ള ആവശ്യപ്പെട്ടു. പുതിയ ഡിമാൻറുകളുമായല്ല ഈ സമരം. '81ൽ25 ദിവസത്തെ പണിമുടക്കു സമരത്തിലുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കണമെന്നേ ആവശ്യപ്പെടുന്നുള്ളു. അതു ചെവിക്കൊള്ളാൻ സർക്കാർ തയ്യാറായില്ലെങ്കിൽ എല്ലാ രംഗങ്ങളിലെയും ജീവനക്കാർ കോളേജധ്യാപകരുടെ ഡിമാൻറുകൾ നേടിയെടുക്കുവാൻ സമരരംഗത്തുവരുമെന്ന് ശ്രീ. രാഘവൻപിള്ള പറഞ്ഞു. ജീവനക്കാരുടെ വിശാലമായ ഐക്യവും സംഘടിതശക്തിയും വളർന്നാലേ ഇന്നുള്ള പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. വിവിധ സംഘടനകൾ ജാഥയായി വന്നെത്തി സത്യഗ്രഹികൾക്ക് അഭിവാദ്യമർപ്പിച്ചു.

## അത് ചോദിക്കരുതേ !

തിരുവനന്തപുരം. ഡിസംബർ 2

കോളേജുകളിൽ അധ്യാപക നിയമനത്തിന്ന് എൻ. എസ്. എസ്. മാനേജ്മെൻറ് കോഴ വാങ്ങുന്നത് ശരിയാണോ? ഒരു പത്രലേഖകൻ എൻ. എസ്. എസ്. ജനറൽ സെക്രട്ടറി കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയോട് ചോദിച്ചു.

"ദയവായി അതു മാത്രം ചോദിക്കരുതേ ..." എന്നായിരുന്നു കിടങ്ങൂരിന്റെ ഉത്തരം.

ദരിദ്ര നായർ കുടുംബത്തിൽ നിന്നും വരുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പിഴിഞ്ഞു കാശുവാങ്ങുന്നത് അനീതിയല്ലേ?-എന്ന് തുടർന്നുള്ള ചോദ്യത്തിന്ന് 'എല്ലാ മാനേജ്മെൻറും കാശു വാങ്ങുന്നുണ്ട് ഞങ്ങൾ വാങ്ങുന്നതിനെല്ലാം കണക്കുവയ്ക്കുന്നുണ്ടെ" ന്ന് കിടങ്ങൂർ വിവരിച്ചു. (പ്രദീപം)

## എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉപവാസ സത്യഗ്രഹം

സെക്രട്ടേറിയററു പടിക്കൽ സമരസമിതി നേതാക്കൾ നടത്തിയ ഉപവാസ സത്യഗ്രഹത്തോട് അനുഭാവം രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും എ. കെ. പി. സി. ടി. എ. — എ. കെ. ജി. സി. ടി. പ്രവർത്തകർ 24 മണിക്കൂർ നേരത്തെ ഉപവാസസത്യഗ്രഹം നടത്തി.

സർക്കാർ എഴുതിത്തന്ന ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുന്നില്ലെങ്കിൽ ഫെബ്രുവരിയിൽ രൂക്ഷമായ പണിമുടക്കു സമരം കോളേജുകളിൽ നടത്തുമെന്ന മുന്നറിയിപ്പായിരുന്നു ജില്ലാ കേന്ദ്രങ്ങളിൽ നടന്നത്.

# ഗവൺമെൻറ്/യൂണിവേഴ്സിററി ഓർഡറുകൾ

Office of the Deputy Director of
Collegiate Education, Calicut,

No. A4-4557/82. Dated : 20-11-1982

From :

The Dy. Director of Collegiate–
Education.

To :

The Principal,........

Sir/Madam,

Sub :- Private College Teachers– approval of appointment of teachers for direct payment of salary–regarding

Ref : 1) Letter No. Estt. D1/23714/82/L. Dis. dt 25-10-1982 of the Director of Collegiate Education, Trivandrum addressed the Special Secretary, Higher Education (D) Department

2) Letter No. D1-1553/82/L.Dis dt 27-10-82 from the D.C.E.

I write to inform you that the Director of Collegiate Education, Trivandrum has directed me to exercise verification of the availability of the posts only and to dispense with the present practice of insisting on obtaining separate approval acceptance orders from this office in the case of teachers whose appointments have been approved by the University.

Accordingly, the procedure hitherto followed in this connection is discontinued. The salary claims in respect of teaching staff whose appointments have been approved by the University may b preferred on the basis of the University approval order and no separate acceptance order of the Dy. Director of Collegiate Education is necessary for the purpose. The claims will be admitted by this office only after due verification in accordance with the provisions contained in Art. 14 (2) and (3) of the Calicut University First Statutes 1979. In doubtful cases, the question will be referred to the University or higher authorities and such claims will be allowed if found perfectly admissible after examination. The work-load of the concerned depart/s in the prescribed proforma and a copy of the appointment approval issued by the University should be attached with the First salary claim in respect of the person/s concerned for verification.

In the case of promotion also no acceptance orders will be issued hereafter in case University approval has been obtained. The salary will be admitted in such cases according to admissibility as per rules and after necessary verification with reference to the Service book and the University approval.

Yours faithfully,

Sd/-

Dy. Director of Collegiate Edn.

---

No. Estt. D1-46292/82 Trivandrum
24-11-1982

From :

The Director of Collegiate Education

To :

The Deputy Director of Collegiate
Education,
Quilon/Trippunithura/Calicut

Sub : Private College Teachers-
Vacation Salary
clarification-regarding

Ref : Govt. Letter No.
18218/D2/82/H.Edn.
dated 13-7-82.

Sir,

Regarding the payment of vacation salary the following clarification is issued. Statute 21 Chapter 2 of the Kerala University 1st Statutes 1979 clearly stipulates that a teacher who has completed his probation and who has not been confirmed in a permanent post due to the fact that the post in which he is working is not a permanent one, shall also be paid full vacation salary in case the duration of the vacancysubsists beyond the period of vacation. Thus a teacher who has completed his probation, though appointed against a temporary vacancy, the duration of which exceeds eight months, is entitled to receive vacation salary. The vacation salary will be paid only as and when he completes his probation. Therefore the Deputy Directors of Collegiate Education are requested to follow this practice, as is clearly laid down in the statutes.

Yours faithfully,
Sd/

Director of Collegiate Education

Copy to the Registrar, University of Kerala and University of Calicut for information.

Copy to Prof. M. R. Chandrasekharan, President, A.K.P.C.T.A, Payyannur College Payyannur.

**വെക്കേഷൻ ശമ്പളം:
യൂണിവേഴ്സിററി
അംഗീകരിച്ചു.**

**Extracts from the minutes of the Special meeting of the Standing Committee of the Syndicate on teaching and non - teaching staff of Private Colleges, held on 6–12–1982 (as approved by the Syndicate)**

*Item XII*

*Eligibility of teachers appointed against temporary Vacancies, the duration of which exceeds 8 months for Vacation Salary letter No: Estt. D1/46292/82 dtd 24-11-'82 from the Director of Collegiate Education to the Deputy Directors of Collegiate Education (Copy forwarded to the Registrar) Consideration of –*

The Committee Considered the letter referred to above dealing with the eligibility of teachers appointed against temporary Vacancies, the duration of which exceeds 8 months for vacation Salary. Recommended that the promotion of teachers who are eligibile for Vacation Salary as per the letter cited, or who were paid Vacation Salary already as Lecturers on Completion of 2 years' continueus Service as junior Lecturer be approved. Also recommended that all pending cases coming under the above categories may be disposed of accordingly. Also, requested for the revision of orders of approval issued already, received fromColleges on the basis of the abvoe letter may be entertained and revised orders issued.

O

# Minutes of Discussion Held by Minister (Education) with Representatives of College Teachers Organisations on 23-11-1982

Initiating the discussion Minister (Education) narrated the steps taken by Govenment to implement the earlier decisions.

The representatives of the Teachers' Organisations then raised their demands.

*1. Abolition of Junior Lecturership and institution of Non-Cadre 1st Grade Professorship*

The representatives of various college Teachers Organisations pointed out that abolition of Junior Lecturership and creation of 1st Grade Non-Cadre Professorship are issues linked with the 1978 pay Revision and that reference of the issue to the new Pay Commission is not acceptable to them. They also requested that the decision of Government on these demands may be expedited.

*2. Reckoning of service as Junior Lecturer from non-cader professorship - pre - dating the date of effect*

The representatives of College teachers wanted the orders on this item to be issued immediately. They also requested that while giving the order retrospective effect from 1-7-79, those who have already been promoted on the basis of the existing orders may be given the right of re-option.

*3. Vacation Salary*

Director of Collegiate Education pointed out that general instructions regarding payment of vacation salary based on the assurance given at the conference held on 14-6-1982 are being issued.

*4. Insistence of 25 year's service for promotion as principal in Government Colleges*

The Association representatives demanded that the proposed condition regarding 25 years' service should apply to Principals of Training Colleges also and wanted the Government orders on this to be expedited.

*5, Amendment of University Act.*

The Association representatives expressed the view that the proposed amendments to section 80A/79A of Kerala-Calicut Universities Acts and section 57 (6) of these Acts should not be linked with the report of the committee appointed to suggest amendments to University Acts They requested that these amendments may be issued immediately as on ordinance.

*6. Retirement benefits to Teachers opted to retire at 60.*

The Association demanded proportionate revision in the quantum of pension, grant of D.A. and Gratuity to the teachers opted to retire at the age of 60

*7. Workload in Deputy Director of collegiate Education offices.*

ThePrivateCollege Teachers' Organisations pointed out the hardship experienced by them in getting arrear bill and other claims passed by Dy D. C. Es. They were of the view that additional staff was necessary in these offices to cope with the

increased volume of work Minister (Educaiton) wanted D.C.E. to look into the issue.

*8. Transfer of Teachers under Corporate Managements*

Minister (Education) brought to the notice of the teachers' representatives the understanding reached at the meeting convened on 5. 10. 82 with Private Corporate managements in this matter, ie the managements have agreed to follow the norms generally and to Government examining specific cases of complaints of alleged vindictive transfers

*9. Delay in ordering non-cadre IInd Grade Professorship in Government Colleges.*

The Government College Teachers Organisations complained about the delay in ordering non-cadre IInd Grade Professorships. D.C.E. explained that in case of those with Private College Service there was difiicult in gettingtthe private college service verified. D. C E. requested the representatives to bring to her notice specific cases where non-cadre promotion has been delayed.

*10 Reckoning of service in colleges/Universities outside the State.*

The representatives ponited out that service in affiliated colleges inKanyakumari District was being reckoned for non-cadre professorship. On that analogy they wanted service in colleges under Universities outside the State also to be reckoned for non-cadre professorship.

*11. Broken servic as Junior Lecturer to be reckoned for automatic promotion as Lecturer.*

It was pointed out that broken service as Junior Lecturer in colleges affiliated to Calicut Universitiy is being reckoned for purpose of automatic promotion as Lecturer in Private colleges. They therefore demanded that the entire service as Lecturer including broken periods should be reckoned for automatic promotion as Lecturer.

Summing up the disussion Minister informed the Association represnetatives as follows:

(1) The issues of abolition of Junior Lecturership and institution of non-cadre Ist Grade Professorsihp would be placed before the Council of Ministers at the earliest and that the Associations' demand that these issues should not be left to be decided by the new Pay Commission would be brought to the notice of the Council.

(2) The question of issue of an ordinance to amend section 57(6) and sections 80 A/79 A of Kerala/Calicut University Act would be discussed with Chief Minister

(3) A copy of the instruction issued by D. C. E regarding vacation salary will be communicated to the Private College Teachers Associations.

(4) The demand for enhancement in the quantum of pension, payment of D. A. and gratuity for Chapter III opted teachers will be looked into

(5) Orders on the issues of insisting 25 years service for promotion as principals, and allowing to reckon for service benefits, periods spent for attending Diploma courses conducted by University would be expedited.

(6) Decisio on the demand for retrospective effect from1-7-79 to the G.O. for reckonging service as Junior Leaturer

# സ്ഥലംമാററം

## ഗവൺമെൻറിന് പരാതി നല്കണം

സ്ഥലംമാററ പ്രശ്നത്തിൽ ഗവൺമെൻറും മാനേജുമെൻറുകളും തമ്മിൽ നടന്ന ചർച്ചയുടെ മിനിട്സ് താഴെ കൊടുക്കുന്നു. അന്യായമായ സ്ഥലംമാററംമൂലം ബുദ്ധിമുട്ടനുഭവിയ്ക്കുന്ന അധ്യാപകർ, ഈ മിനിട്സിൻെറ വെളിച്ചത്തിൽ, ഗവൺമെൻറിന് പരാതി നല്കണം. യൂണിവേഴ്സിററി തയാറാക്കിയ 'നോംസ്' മുൻനിർത്തി വേണം പരാതി തയാറാക്കേണ്ടത്. എല്ലാ വിവരങ്ങളും വിശദമായി എഴുതണം. വിക്ടിമൈസേഷൻ ട്രാൻസ്ഫറാണെങ്കിൽ അത് പ്രത്യേകിച്ച് കാണിച്ചിരിക്കണം.

വിദ്യാഭ്യാസ മന്ത്രിയെ അഡ്രസ് ചെയ്തുകൊണ്ടാണ് പരാതി എഴുതേണ്ടത്. താഴെ കൊടുക്കുന്ന ഗവൺമെൻറ് കത്ത് റഫറൻസായി കാണിക്കുക.

എത്രയും പെട്ടെന്നുതന്നെ പരാതികൾ ജനറൽ സെക്രട്ടറിയുടെ പേർക്ക (പ്രൊഫ. എൻ. എം. ജോസഫ്, സെൻറ് തോമസ് കോളേജ്, പാല) അയക്കണം. എല്ലാ പരാതികളും ഒരുമിച്ച് ഗവൺമെൻറിനു നല്കുന്നതാണ്.

---

for non-cadre IInd Grade Professorship would be taken soon.

(7) The demand to reckon entire period of service as Junior Lecturer including brocken periods for automatic promotion as Lecturer will bo looked into.

(8) Extract of the minutes of the meeting held with corporate Managements relating to the understanding regarding transfers under corparate Managements Would be communicated to the Private College Teachers' Organisations.

Minister appealed to the representatives of TeachersOrganisations to withdraw all forms of direct action inculding relay Sathyagraha resorted to by a section of Teachers.

Section Officer

GOVERNMENT OF KERALA
Higher Education (D) Department

No. 41697/D2/82/H. Edn.  Trivandrum,
Dated 29-11-1982.

From
The Special Secretary to Government,

To
Prof. R. R. C. Nair,
Chairman, Action Council of College Teachers' Associations, Prasanth,
Manjeri-3

Sir,

Sub :– Extract of Minutes of the meeting held by Minister (Education) with representatives of Corporate Managements on 5-10-82 forwarding of :-

Ref :– Government letter of even No. dtd. 25-11-'82.

I am to invite your attention to item no. 8 in para 3 of Miniutes of the discussion held in 23-11-'82. As promised, the extract of the minutes of the meeting held with corporate Managements, relating to transfers under Corporate Managements is sent herewith.

*Extract of the Minutes of the discussion held by Minister (Edn) with representatives of Corporate Managements dt. 5-10-82*

Minister (Edn) and Spl. Secretary (H. Edn.) wished that the problem could be solved if the managements follow the norms laid by the Universities in true spirit. The discussion on the item concluded with the Management agreeing to follow the norms generally. They agreed that Government may examine the specific cases of complaints of alleged vindictive transfers by them.

Yours faithfully
Sd/-
G. Vibhu Kumar
Under Secretary
for Spl. Secretary to Govt.

Approved for issue
Sd/-
Section Officer

# ഗവൺമെൻറ് - മാനേജ്മെൻറ് ചർച്ച: മിനിട്സിൻെറ പൂർണ്ണരൂപം

## Minutes of the discussion held by Minister (Education) with representatives of Corporate Managements/Management Associations at 3 P. M. on 5–10–82

Minister (Edn) initiated the discussion referring to the compliants the Teachers' Associations have in the matter of transfer ot teachers under Corporate Managements and the criticism in the Assembly regarding the alleged vindictive transfers made by some managements.

It was pointed out by the Managements' representatives that the norms for transfer evolved by Kerala and Calicut Universities were being generally followed and that certain deviations made were inevitable in the circumstances of those cases.

The representatives of N.S.S. management explained the procedure that they follow ie, they invite applications before 31st March every year and order transfers, generally before June. This was not always possible because approval of University for new courses/ batches are received only in September, October and so some transfers during the middle of the academic year were inevitable. It was pointed out that out of nearly 150 transfers made by the management this year in as many as 100 cases, the transfers were on request

Shri. Kidangoor pointed out the practical difficulty in posting couples at the colleges chosen by them due to want of vacancies to accommodate them. He pointed out that generally teachers with three years' Malabar service under N. S. S. Management are given transfers to stations of their choice.

He pointed out certain specific instances of misbehaviour, indiscipline and lack of interest in the job assignment, of a section of teachers and stated that in those cases the transfers were inevitable and justifiable.

Minister (Ean) and SS (H. Edn) wished that the problem could be solved if the managements follow the norms laid down by the Universities in true spirit. The discussion on the item concluded with the Management agreeing to follow the norms generally. They agreed that Government may examine the specific cases of complaints of alleged vindictive transfers by them.

As regards demand for T. A. for transfers under corporate managements, the managements expressed thair inability to pay T. A. as they are not getting any specific grant from Government for the purpose.

Minister (Edn) then referred to the question of implementation of Section 64 of the University Acts. The managements pointed out the possible difficulties in implementing

this provision, ie., when teachers are allotted to the University of their choice, according to seniority, there is the possibility of couples being posted under different Universities and in some cases the incumbents will never be able to get a transfer to colleges under Kerala University. The N. S. S. representatives pointed out that so far as N. S. S. Colleges are concerned in most cases the option will be for Kerala University. They are however prepared for a detailed discussion on this issue, if Government wished that It was pointed out a section of teachers have represented that section 64 if implemented will be harmful to them.

Minister (Education) then desired the Managements to communicate their suggestions/views on the question of amending the University Acts. Fr. Peter Uralil, Secretary and Shri K. Samuel, Joint Secretary of the Managements, Association referred to the various Judgments of Kerala and Gujarat High Courts and requested that suitable provision based on these judgments be provided for. They represented that there should be adequate representation for managements in the Senate and Syndicate. The managements Association would be communicating their suggestions in the matter.

**The following issues raised by the Managements were then discussed**

**1. Constitution of Governing Body for colleges in Calicut area**

They pointed out that the Calicut University is insisting on the constitution of Governing Body for granting affiliation to the new courses although the question is before the Supreme Court and the Kerala University is not insisting the same.

It was decided that Special Secretary (H.Edn) would bring this to the notice of the Vice-Chancellor of Calicut University.

**2. Release of pending Maintenance and contingent grant**

It was pointed out that in respect of colleges started in 1964 and thereafter no adjustment of excess grant was to be made. Director of Collegiate Education was instructed to look into such cases and take steps for the release the grant in these cases.

In respect of other colleges it was suggested that grant for 79-80 and 80-81 may be released as on interim measure after getting an undertaking from the management regarding repayment of excess if any found.

**3 Rivision ef grant**

The Association Secretary referred to G. O. Ms. 89/73/ H. Edn. dtd. 19-6-73 that provided for revision of rates after 5th year and pointed out that revision due in 78 was not considered. This would be examined.

**4. Utilisation of admission fees**

The managements requested that they might be permitted to utilise the admission fee collected for the development schemes of the college and for items intended for students' welfare.

The Director of Collegiate Education pointed out that even now this was being permitted where the purpose were indicated. The D. C. E. instructed to look into the question and issue general instructions if found necessary.

5. **Utilisation of interest in P. D. accounts**

The Association representatives pointad out that earlier this was allowed to be utilised for the benefit of the college but a recent circular from DCE instructed withdrawal of this money from Banks and remittance thereof in P. D. Accounts in Treasuries. The D. C. E. will look into this.

6. **Registration fee and unclaimed caution deposit**

The management Association wanted the fund under their items to be utilised for the development of the college. This would be examined.

7. **Disbursement of pension for retired teachers.**

It was decided that in cases where final pension could not be sanctioned due to non-assignment of liabilities steps would be taken to release 75% of the amount as provisional pension. D. C. E. will take further steps in this regard.

8. **Eligibility for Principal's grade in Degree / P. G. Colleges**


It was pointed out that under the existing rules II Grade Professors promoted as Principal of Degree / P. G. Colleges were being denied the scale of pay of the Principal and that instead only I Grade Professor's scale was being given to them. The Managements wanted this to be rectified.

Minister (Education) stated that this would be looked into.

The meeting concluded at 5.00 P. M.

(Sd)
Section Officer.

## മേയർ മാത്യുപൈലിക്ക് സ്വീകരണം



എറണാകുളം സെൻറ് ആൽബർട്സ് കോളേജ് അധ്യാപകനും, എ. കെ. പി. സി. ടി. എ. പ്രവർത്തകനുമായ പ്രൊഫ. മാത്യുപൈലി, കൊച്ചിൻ മേയറായി തെരഞ്ഞെടുക്കപ്പെട്ടതിൽ ബ്രാഞ്ചംഗങ്ങൾ അനുമോദിക്കുന്നു.


ചിത്രത്തിൽ: (ഇടത്തുനിന്ന്)ജില്ലാ സെക്രട്ടറി പ്രൊഫ. കെ.കെ. രാമകൃഷ്ണൻ, പ്രിൻസിപ്പൽ, റവ. ഫാദർ ആൻറണി. ജെ. പനക്കൽ, മേയർ മാത്യുപൈലി, ജില്ലാ പ്രസിഡൻറ് പ്രൊഫ. പി. മാത്യു.

# kerala private college teacher

monthly journal of the all kerala private college teachers' association

No. 42 R. No. M. 30265/81 Registered No. KL/TV(N) 237


# അദ്ധ്യാപക സമരം
# രണ്ടാം ഘട്ടത്തിൽ



സംയുക്ത സമരസമിതി അംഗങ്ങളും തിരുവനന്തപുരം ജില്ലയിലെ
എ. കെ. പി. സി. ടി. എ.–എ. കെ. ജി. സി. ടി. പ്രവർത്തകരും
ഡിസംബർ 17 മുതൽ 19 വരെ

## സെക്രട്ടേറിയററു നടയിൽ നടത്തിയ
## നിരാഹാര സത്യഗ്രഹം


printed and published by v. narayanan kutty, at chempaka printers, trivandrum-4 phone: 7027

chief editor: v. n. murali